# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വോർക്കാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/582/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/07/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വോർക്കാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/582/22 തീയ്യതി: 29/07/2022

## കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ കുമാർ.പി. | ഡെപ്യൂട്ടി ഡയരക്ടർ | 14-06-2022 | 22-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-06-2022 | 22-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അബ്ദുൽ മജീദ്.ബി.എ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ഭാരതി.എസ്. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| രാജേശ്വരി.ബി | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| തിമ്മ കുഡിയ.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഷഫീക്ക്.എം | കൃഷി ഓഫീസർ | 01-04-2020 | 11-05-2020 |
| സജ്ജ.കെ | കൃഷി ഓഫീസർ | 12-05-2020 | 17-11-2020 |

| | | | |
|---|---|---|---|
| അഞ്ജന അജയ കുമാർ | കൃഷി ഓഫീസർ | 18-11-2020 | 30-11-2020 |
| ആൻസൺ വി കുഞ്ഞച്ചൻ | കൃഷി ഓഫീസർ | 01-12-2020 | 31-03-2021 |
| ഷീബ.ടി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| പത്മനാഭ.എം | പ്രധാനാധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.അനുമോദ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 02-07-2020 |
| ഡോ.ചാന്ദിനി | വെറ്റിനറി സർജ്ജൻ | 03-07-2020 | 31-03-2021 |
| ഡോ.പ്രവീൺ ആർ കൃഷ്ണൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 12-07-2020 |
| ഡോ.ടിറ്റു സഖറിയ | മെഡിക്കൽ ഓഫീസർ അലോപ്പതി | 13-07-2020 | 14-02-2021 |
| ഡോ.ഷൈന.ആർ | മെഡിക്കൽ ഓഫീസർ അലോപ്പതി | 15-02-2021 | 31-03-2021 |
| ഡോ.കെ.രാജാരാമ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.നമിത.എസ്. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 19-01-2021 |
| ഡോ.ഷീബ | മെഡിക്കൽ ഓഫീസർ ഹോമിയോ | 20-01-2021 | 31-03-2021 |
| അനിൽ കുമാർ.എ.ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| വിൻസന്റ്.കെ.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വോർക്കാടി സർക്കിൾ) | 01-04-2020 | 31-03-2021 |
| സംഗീത.വി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊഡ്ലമൊഗരു സർക്കിൾ) | 01-04-2020 | 20-09-2020 |
| വിൻസന്റ്.കെ.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊഡ്ലമൊഗരു സർക്കിൾ) | 21-09-2020 | 30-09-2020 |
| സംഗീത.വി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊഡ്ലമൊഗരു സർക്കിൾ) | 01-10-2020 | 31-03-2021 |
| രാധകൃഷ്ണ പിളള.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 03-08-2020 |
| രാജേഷ് ചന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 04-08-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 22-06-2022)<br>Last Updated By: Jayananda. H (Audit Officer, On 23-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 26-06-2022)<br>Last Updated By: Jayananda. H (Audit Officer, On 26-06-2022) | 1-2 |
| 3 | ജോയിന്റ് വെഞ്ചർ അക്കൗണ്ട് നീക്കിയിരിപ്പ് തുക അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jayananda. H (Audit Officer, On 26-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 1-2-1 |
| 4 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 27-06-2022)<br>Last Updated By: Jayananda. H (Audit Officer, On 27-06-2022) | 1-2-2 |
| 5 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല<br>Written By: Jayananda. H (Audit Officer, On 27-06-2022)<br>Last Updated By: Jayananda. H (Audit Officer, On 27-06-2022) | 1-2-3 |
| 6 | വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ<br>Written By: Jayananda. H (Audit Officer, On 27-06-2022)<br>Last Updated By: Jayananda. H (Audit Officer, On 27-06-2022) | 1-2-4 |
| 7 | ഡെപ്പോസിറ്റ് നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jayananda. H (Audit Officer, On 27-06-2022)<br>Last Updated By: Jayananda. H (Audit Officer, On 27-06-2022) | 1-2-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 22-06-2022)<br>Last Updated By: Jayananda. H (Audit Officer, On 22-06-2022) | 1-3 |
| 9 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Jayananda. H (Audit Officer, On 22-06-2022)<br>Last Updated By: Priyesh M.K (Computer Assistant, On 29-07-2022) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 22-06-2022)<br>Last Updated By: Jayananda. H (Audit Officer, On 22-06-2022) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babu M (Senior Grade Auditor, On 23-06-2022)<br>Last Updated By: Babu M (Senior Grade Auditor, On 23-06-2022) | 1-6 |
| 12 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-06-2022)<br>Last Updated By: Jayananda. H (Audit Officer, On 23-06-2022) | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Babu M (Senior Grade Auditor, On 23-06-2022)<br>Last Updated By: Babu M (Senior Grade Auditor, On 23-06-2022) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 24-06-2022)<br>Last Updated By: Jayananda. H (Audit Officer, On 22-07-2022) | 1-9 |
| 15 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറി വാടക 9135 രൂപ കുടിശ്ശിക<br>Written By: Babu M (Senior Grade Auditor, On 24-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 1-10 |
| 16 | ഐ കെ എം ന് പഞ്ചായത്ത് വിഹിതം നൽകൽ- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 1-11 |
| 17 | വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 24-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 1-12 |
| 18 | ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.<br>Written By: Babu M (Senior Grade Auditor, On 24-06-2022)<br>Last Updated By: Babu M (Senior Grade Auditor, On 24-06-2022) | 1-13 |
| 19 | മരുന്നിന് തുക നൽകിയിട്ടും പി.എച്ച്.സി യിലേക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 24-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 1-14 |
| 20 | വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം-(Deposit Work) നിർവ്വഹണ | 1-15 |

| | | |
|---|---|---|
| | ഉദ്യോഗസ്ഥൻ സെക്രട്ടറി<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | |
| 21 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ അപാകത-നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 1-16 |
| 22 | എസ്.എസ്.കെ പരിപാടിക്ക് പഞ്ചായത്ത് വിഹിതം നൽകൽ- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 1-17 |
| 23 | എ.ബി.സി പരിപാടിക്ക് പഞ്ചായത്ത് വിഹിതം നൽകൽ- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-18 |
| 24 | വെറ്റിനറി ഡിസ്പെൻസറിക്ക് ചുറ്റുമതിൽ നിർമാണം - 32.04% കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടതിനുപകരം 37.93% കോസ്റ്റ് ഇൻഡക്സ്<br>Written By: Gopalakrishna Nayik (Audit Officer, On 24-06-2022)<br>Last Updated By: Jayananda. H (Audit Officer, On 22-07-2022) | 1-19 |
| 25 | കാസറഗോഡ് വികസന പരിപാടിയിൽ ഉൾപ്പെടുത്തി നിർമ്മിപ്പിക്കുന്ന കുടുമ്പആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടത്തിന് ജില്ലാ പഞ്ചായത്തിൻ വിഹിതം നൽകൽ- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-20 |
| 26 | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് രേഖകൾ ലഭ്യമാക്കിയിട്ടില്ല. നിർവഹണോദ്യോഗസ്ഥൻ വെറ്ററിനറി സർജൻ<br>Written By: Yadavakumara. C.H (Asst. Audit Officer, On 23-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-21 |
| 27 | 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക്, 12% GST വിഹിതം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Gopalakrishna Nayik (Audit Officer, On 24-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 24-06-2022) | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക്, 12% GST വിഹിതം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Gopalakrishna Nayik (Audit Officer, On 24-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 3-1 |
| 2 | വെറ്റിനറി ഡിസ്പെൻസറിക്ക് ചുറ്റുമതിൽ നിർമാണം - 32.04% കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടതിനുപകരം 37.93% കോസ്റ്റ് ഇൻഡക്സ്<br>Written By: Gopalakrishna Nayik (Audit Officer, On 24-06-2022)<br>Last Updated By: Jayananda. H (Audit Officer, On 22-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 23-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 24-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 23-06-2022)<br>Last Updated By: Jayananda. H (Audit Officer, On 23-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 23-06-2022)<br>Last Updated By: Jayananda. H (Audit Officer, On 23-06-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 23-06-2022)<br>Last Updated By: Jayananda. H (Audit Officer, On 23-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 23-06-2022)<br>Last Updated By: Jayananda. H (Audit Officer, On 23-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 24-06-2022)<br>Last Updated By: Jayananda. H (Audit Officer, On 29-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.<br>Written By: Jayananda. H (Audit Officer, On 25-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-07-2022) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 23-06-2022)<br>Last Updated By: Jayananda. H (Audit Officer, On 23-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 23-06-2022)<br>Last Updated By: Jayananda. H (Audit Officer, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 24-06-2022)<br>Last Updated By: Priyesh M.K (Computer Assistant, On 28-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | 31.03.2021 ലെ ബാലൻസ് ഷീറ്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1(1)തീയതി 30-03-2020 | 1(1)തീയതി 22-02-2021 |
| മുന്നിരിപ്പ് | 6,45,622.03 | 1,63,20,595 |
| വരവ് | 16,28,28,139 | 19,93,30,040 |
| ആകെ | 16,34,73,761.03 | 21,56,50,635 |
| ചെലവ് | 15,86,20,399 | 20,78,11,955 |
| നീക്കിയിരിപ്പ് | 48,53,362.03 | 78,38,680 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ജോയിന്റ് വെഞ്ചർ അക്കൗണ്ട് നീക്കിയിരിപ്പ് തുക അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

2)ജോയിന്റ് വെഞ്ചർ അക്കൗണ്ട് നീക്കിയിരിപ്പ് തുക അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

| കോഡ് | ഇനം | ബി-4 പ്രകാരം നീക്കിയിരിപ്പ് തുക |
|---|---|---|
| 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 38,051 |
| 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 9,06,062 |
| ആകെ | | 9,44,113 |

ബി-17 പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ (799011400001683) നീക്കിയിരിപ്പ് തുക 10,00,000/- രൂപയാണ്. ഇത് മേൽ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-2-2 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-3 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്യുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

### 1-2-4 വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ

1)വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ₹2,70,000 വരവും ചെലവും ഉണ്ടെങ്കിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും ചേർത്തിട്ടില്ല.
2)തൊഴിൽരഹിത വേതനം ₹3600 വരവും ചെലവും ഉണ്ടെങ്കിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും ചേർത്തിട്ടില്ല.

3)കരാറുകാർക്ക് കൊടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

തൻ വർഷം സമർപ്പിച്ച കരാറുകാരുടെ പല ബില്ലുകളുടെയും തുക ഗ്രാമ പഞ്ചായത്തിന് കൊടുക്കുവാൻ സാധിച്ചില്ല. പ്രസ്തുത ബില്ലുകളുടെ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-5 ഡെപ്പോസിറ്റ് നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ചുവടെ പറയുന്ന ഇനങ്ങളിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | എ.എഫ്.എസ് പ്രകാരം നീക്കിയിരിപ്പ് | രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1 | ബിഡേഴ്സ് ഇ.എം.ഡി (340100103) | 21470 | 3000 |
| 2 | Suppliers Security Deposit (340100202) | 6525 | 5760 |
| 3 | Election Deposit(340100303) | 34500 | 33500 |

മേൽ പ്രകാരം ഡെപ്പോസിറ്റ് നീക്കിയിരിപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടാത്തതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2020-21 |
| മുന്നിരിപ്പ് | 2,37,94,315 |
| വരവ് | 6,89,19,563.50 |
| ആകെ | 9,27,13,878.50 |
| ചെലവ് | 7,61,36,780 |
| നീക്കിയിരിപ്പ് | 1,65,77,098.50 |

### 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,95,20,411 | 1,95,20,411 | 1,72,13,263 | 23,07,148 | 87 |
| വികസനഫണ്ട് എസ്.സി.പി. | 0 | 17,67,000 | 17,67,000 | 4,49,329 | 13,17,671 | 24.17 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 17,37,000 | 17,37,000 | 3,47,386 | 13,89,614 | 17.92 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 96,55,000 | 96,55,000 | 95,73,986 | 81,014 | 99.16 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 50,45,447 | 50,45,447 | 44,59,660 | 5,85,787 | 88.38 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,23,26,588 | 1,23,26,588 | 85,32,533 | 37,94,055 | 69.22 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 70,10,000 | 70,10,000 | 9,14,955 | 60,95,045 | 13.05 |

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 17,59,545 രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 19 ബില്ലുകളിലായി 24,96,841രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 29,255/ രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 2ബില്ലുകളിലായി 2,23,770രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

3) വികസനഫണ്ട്-ടി.എസ്.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 43,882/ രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4)സംരക്ഷണഗ്രാന്റ് നോൺറോഡ്-പട്ടികയിലെ ചെലവ് തുക കൂടാതെ 4ബില്ലുകളിലായി 10,54,454രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

4)ധനകാര്യ കമ്മീഷൻ ഗ്രാന്റ്-പട്ടികയിലെ ചെലവ് തുക കൂടാതെ 12ബില്ലുകളിലായി 27,30,582രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

5)സംരക്ഷണഗ്രാന്റ് റോഡ്-പട്ടികയിലെ ചെലവ് തുക കൂടാതെ 13ബില്ലുകളിലായി 24,13,295രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,54,53,718 | 1,54,53,718 | 1,54,53,718 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4,20,074 | 4,20,074 | 4,20,074 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3,03,504 | 3,03,504 | 3,03,504 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 95,73,986 | 95,73,986 | 95,73,986 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 44,59,660 | 44,59,660 | 44,59,660 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 85,32,533 | 85,32,533 | 85,32,533 | 0 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 9,14,955 | 9,14,955 | 9,14,955 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 3,600 | 3,600 | 3,600 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 2,70,000 | 2,70,000 | 2,70,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 50,000 | 50,000 | 50,000 | 0 |
| ടി.എസ്.ബി. ജനറൽ | 88,79,258 | 1,17,10,612 | 2,05,89,870 | 1,95,86,559 | 10,03,311 |

| | | | | | |
|---|---|---|---|---|---|
| പർപ്പസ് അക്കൗണ്ട് * | | | | | |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 8,73,688 | 11,88,418 | 20,62,106 | 18,65,381 | 1,96,725 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 0 | 18,56,418 | 18,56,418 | 18,56,418 | 0 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി TSC | 0 | 12,62,240 | 12,62,240 | 0 | 12,62,240 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| വിമുക്തി | 0 | 25,000 | 25,000 | 25,000 | 0 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,17,10,612/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 1,30,66,830/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 4,23,06,600/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 245 | 10,50,17,258 | 171 | 5,06,60,282 | 0 | 74 | 69.79 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 29 | 74,94,734 | 21 | 57,35,564 | 76.52 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 150 | 3,89,60,113 | 105 | 2,38,88,498 | 61.31 |
| 3 | കൃഷി ഓഫീസർ | 10 | 45,64,760 | 10 | 41,53,474 | 90.98 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 12 | 3,78,33,056 | 11 | 76,61,167 | 20.24 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 65,19,080 | 5 | 41,62,356 | 63.84 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വെറ്റിനറി സർജ്ജൻ | 6 | 22,71,228 | 6 | 17,08,175 | 75.20 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2,25,000 | 2 | 2,23,800 | 99.46 |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | 7 | 22,63,438 | 7 | 18,44,949 | 81.51 |
| 9 | പ്രധാനാധ്യാപകൻ | 6 | 12,82,299 | 3 | 7,82,299 | 61 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 9,77,550 | 0 | 0 | 0 |
| 11 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 5,00,000 | 1 | 5,00,000 | 100 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 15,26,000 | 0 | 0 | 0 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 6,00,000 | 0 | 0 | 0 |
| | ആകെ | 245 | 10,50,17,258 | 171 | 5,06,60,282 | 48.23 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 8,73,688 | 11,88,418 | 20,62,106 | 18,65,381 | 1,96,725 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,30,66,830 | 1,30,66,830 | 1,30,66,830 | 0 |
| ആകെ | 8,73,688 | 1,42,55,248 | 1,51,28,936 | 1,49,32,211 | 1,96,725 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 445 പദ്ധതികളുൾപ്പെടുന്ന 13,19,69,954 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1,49,32,211 രൂപയുടെ 184 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 29254 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 12 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം.

| ക്ഷേമപദ്ധതിയുടെ പേർ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3600 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 11,28,200 | 468 |
| വിധവാപെൻഷൻ | 1,56,41,400 | 5913 |
| വാർദ്ധക്യകാലപെൻഷൻ | 2,07,15,400 | 8446 |
| വികലാംഗപെൻഷൻ | 47,57,000 | 1847 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 64,600 | 25 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,70,000 | 9 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-06—2022 തീയ്യതിയിൽ 12.05 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 8142/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് സമയബന്ധിതമായി, കൃത്യമായി പരിശോധിക്കുന്നില്ല. തപ്പാലുകൾ തീർപ്പാക്കിയ തിയതി, രേഖപ്പെടുത്തുകയോ ഡിസ്പോസൽ അടയാളപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 22 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 9 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-21 സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി ഒരു തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. സഞ്ചയ പോലുള്ള സോഫ്റ്റ് വെയറുകൾ ഐ.എൽ.ജി.എം.എസ് സംവിധാനവുമയി ലിങ്ക് ചെയ്തിട്ടില്ല.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ലോൺരജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഇൻകമ്പൻസി രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

1-10 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറി വാടക 9135 രൂപ കുടിശ്ശിക

2020-21, സാമ്പത്തിക വർഷത്തിൽ, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ വാടക മുറി , ലേലം കൊണ്ട വ്യക്തികൾ

വാടക കുടിശ്ശിക വരുത്തിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | മുറിയുടെ നമ്പർ | മുറി വാടകയ്ക്ക് എടുത്ത വ്യക്തി | ഡിമാന്റ് തുക | കളക്ഷൻ തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 1 | 10/296 | എസ്.കെ.അബൂബക്കർ | 15750 രൂപ | 11025 രൂപ | 4,725 രൂപ |
| 2 | 10/298 | എസ്.കെ.അബൂബക്കർ | 10,500 രൂപ | 7,350 രൂപ | 3,150 രൂപ |
| 3 | 10/343 | തോമസ് ഡിസൂസ | 12,600രൂപ | 11,340രൂപ | 1,260 രൂപ |
| ആകെ കുടിശ്ശിക | | | 38,850 രൂപ | 29,715 | 9,135 രൂപ |

2020-21, വർഷത്തിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടകയിനത്തിൽ 9,135 രൂപ പിരിച്ചെടുത്തിട്ടില്ല. മുറികളുടെ വാടകയിനത്തിലുള്ള കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ: 02/2021-22 തിയ്യതി :21.06.2022 )

1-11 ഐ കെ എം ന് പഞ്ചായത്ത് വിഹിതം നൽകൽ- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

2020-21 വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന തുക പഞ്ചായത്തിന്റെ വിഹിതമായി കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | 001/21 ഐ കെ എം ന് പഞ്ചായത്ത് വിഹിതം നൽകൽ | 17// 31.12.2021 1,00000/- | ഐ.കെ.എം.തിരുവനന്തപുരം AC/57047023512 |

ഇപ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 1,00000/-രൂപ തടസ്സപ്പെടുത്തുന്നു.

1-12 വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല.

പഞ്ചായത്തിലെ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിരിവ് നടത്തിയിട്ടില്ല.

(1) സ്ഥാപനങ്ങൾക്കുമേൽ ചുമത്തുന്ന തൊഴിൽ നികുതി

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം | ഡിമാന്റ് തുക |
|---|---|---|---|
| 1 | സർവീസ് കോ -ഓപ്പറേറ്റീവ് ബേങ്ക് പാവൂർ | I,II | 2500 (1250+1250) |
| 2 | അഗ്രിക്കൾച്ചറൽ വെൽഫയർ കോ -ഓപ്പറേറ്റീവ് ബേങ്ക് | I,II | 2500 (1250+1250) |
| 3 | കേരള ഗ്രാമീണ ബേങ്ക് കൊടലമൊഗ്റു | I,II | 2500 (1250+1250) |
| 4 | സിൻഡിക്കേറ്റ് ബേങ്ക് വോർക്കാടി | I,II | 2500 (1250+1250) |
| 5 | വോർക്കാടി | I,II | 2500 |

| | | | |
|---|---|---|---|
| | സർവീസ് കോ -ഓപ്പറേറ്റീവ് ബേങ്ക് പാവൂർ ബ്രാഞ്ച് | | (1250+1250) |

(2) പഞ്ചായത്തിലെ കള്ള് ഷാപ്പുകൾ

പഞ്ചായത്തിലെ കള്ള് ഷാപ്പുകളുടെ എണ്ണം സംബന്ധിച്ചും , കള്ള് ഷാപ്പിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുന്നതിനുമായി , ഓഡിറ്റ് എൻക്വയറി നമ്പർ: 04/2021-22 തിയ്യതി.21.06.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിട്ടില്ല. അതിനാൽ പഞ്ചായത്തിലെ കള്ള് ഷാപ്പുകളുടെ എണ്ണം കണക്കാക്കി , ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(3) പഞ്ചായത്തിലെ അംഗീകൃത കരാറുകാരുടെ തൊഴിൽ നികുതി

പഞ്ചായത്തിലെ അംഗീകൃത കരാറുകാരുടെ പട്ടിക ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുന്നതിനുമായി ,ഓഡിറ്റ് എൻക്വയറി നമ്പർ: 04/2021-22 തിയ്യതി.21.06.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിട്ടില്ല . കരാറുകാരുടെ കരാറുകാരുടെ പട്ടിക തയ്യാറാക്കി , പട്ടിക പ്രകാരം തൊഴിൽ നികുതി ഈടാക്കി വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

ലൈഫ് ഭവന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് , എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | ഇതുവരെ കൈപ്പറ്റിയ തുക | നൽകാൻ ബാക്കിയുള്ള തുക | വീടിന്റെ ഇപ്പോഴത്തെ സ്റ്റേജ് |
|---|---|---|---|---|---|
| 1 | അക്ബർ അലി | 4,00,000 രൂപ | 360,000 രൂപ | 40,000 രൂപ | മേൽക്കൂര നിർമ്മാണം |
| 2 | ഐശമ്മ | 4,00,000 രൂപ | 300,000 രൂപ | 100,000 രൂപ | മേൽക്കൂര നിർമ്മാണം |
| 3 | ആസ്യമ്മ | 4,00,000 രൂപ | 3,60,000 രൂപ | 40,000 രൂപ | മേൽക്കൂര നിർമ്മാണം |
| 4 | ജമീല | 4,00,000 രൂപ | 40,000രൂപ | 3,60,000രൂപ | തറ പ്രവൃത്തി |
| 5 | ജയന്തി | 4,00,000 രൂപ | 3,60,000രൂപ | 40,000 രൂപ | മേൽക്കൂര നിർമ്മാണം |
| 6 | മൈമൂന | 4,00,000 രൂപ | 3,00,000 രൂപ | 1,00,000 രൂപ | മേൽക്കൂര നിർമ്മാണം |
| 7 | പ്രേമ ലത | 4,00,000 രൂപ | 3,60,000രൂപ | 40,000 രൂപ | മേൽക്കൂര നിർമ്മാണം |
| 8 | ശഹുപ്ത പർവീൻ | 4,00,000 രൂപ | 3,00,000 രൂപ | 1,00,000 രൂപ | മേൽക്കൂര നിർമ്മാണം |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 മരുന്നിന് തുക നൽകിയിട്ടും പി.എച്ച്.സി യിലേക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആരോഗ്യം)

തുക നൽകിയത് : കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ്.

അക്കൗണ്ട് നമ്പർ : 36240011800000019

2020-21 വർഷം മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നം.170/2021 പ്രകാരം, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്.പ്രൊജക്ട് പ്രകാരം, 2,11,138/-രൂപ ,കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ട് നമ്പർ 36240011800000019-ലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 1,36,444രൂപയുടെ മരുന്ന് മാത്രമേ പി.എച്ച.സി .യിൽ ലഭിച്ചിട്ടുള്ളൂ, ബാക്കി 74,694 രൂപയുടെ മരുന്നുകൾ പി.എച്ച.സി .യിൽ ലഭിച്ചിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ /പ്രൊജക്ട് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ/ തുക | ഫണ്ട് | നിർവ്വഹണ ദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | 170/2020-21 | 7,50,000 | 2,11,138/- | 25//2020-21 | മെയിന്റനൻസ് | മെഡിക്കൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | തിയ്യതി 23.01.2021 | ഗ്രാന്റ് (നോൺ റോഡ്) | ഓഫീസർ (ആരോഗ്യം) |

മരുന്ന് ലഭിക്കാത്ത വിഷയം അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനത്തെ ധരിപ്പിച്ച് മരുന്നുകൾ ലഭ്യമാക്കി, ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 74,694/=(2,11,138-1,36,444=74,694) രൂപ തടസ്സപ്പെടുത്തുന്നു.

1-15 വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം-(Deposit Work) നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നം. | 210/21 വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം |
| പ്രോജക്ടിന്റെ പേര് | വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട്- 9,11,274/- |
| ചെലവ് തുക | 7,59,791/- |
| ബിൽ നമ്പർ, തീയതി | 247/28.02.2020 |

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 2020/21 പ്രകാരം വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. 11എണ്ണം വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിനായി 9,11,274/- രൂപ ഡെപ്പസിറ്റ് ചെയ്ത തുകയിൽ 7,59,791/- ചെലവഴിച്ചിട്ടുണ്ട്.ബാകി 1,51,483/- തുക തിരിച്ചടച്ചിട്ടുണ്ട്.

മുകളിൽ പറഞ്ഞ പദ്ധതി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1) ഡെപ്പസിറ്റ് പ്രവൃത്തിയുമായി സെക്രട്ടറിയും, ജില്ലാ ഓഫീസർ ജി.ഡബ്ല്യു .ഡി കരാർ എഴുതി വെച്ചിട്ടില്ല. ഓരോ വാർഡിലേയും കുഴൽ കിണർ നിർമ്മാണം സംബന്ധിച്ച വിവരങ്ങളിൽ കൃത്യത വരുത്തി പ്രസ്തുത വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. തകരാർ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് വിശദാംശങ്ങളും, അവ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

